## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 958** | **30-06-2022 - ൽ മറുപടിയ്ക്ക്**

## വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ജനകീയ ജാഗ്രതാ സമിതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ വന്യജീവി ശല്യം നേരിടുന്നതിനായി ഫോറസ്റ്റ് ജീവനക്കാരുടെ പെട്രോളിംഗ്, പൊതു പങ്കാളിത്തത്തോടെയുള്ള ജനകീയ ജാഗ്രതാ സമിതി പ്രവർത്തനം എന്നിവയെ സംബന്ധിച്ച് 2016-2021, 2021-2022 എന്നീ കാലയളവിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | (എ) | വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടതും, തൃശ്ശൂർ വനം ഡിവിഷനു കീഴിലെ വടക്കാഞ്ചേരി, മച്ചാട് എന്നീ ഫോറസ്റ്റ് റെയ്ഞ്ചുകളുടെ അധികാര പരിധിയിൽ വരുന്നതുമായ യഥാക്രമം വേലൂർ, തെക്കുംകര എന്നീ ഗ്രാമ പഞ്ചായത്തുകളിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് 2017 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. പ്രസ്തുത ജനജാഗ്രത സമിതികളുടെ പഞ്ചായത്തുതല യോഗം നടത്തിവരികയും ചെയ്യുന്നുണ്ട്. വടക്കാഞ്ചേരി നിയോജക മണ്ഡലത്തിനോട് ചേർന്നു വരുന്നതുമായ വാഴാനി, മണലിത്തറ, തെക്കുംകര, കരുമാത്ര, കുഞ്ചുകാട്, ഊരോക്കാട്, മലാക്ക, ചിറമുക്ക്, മങ്കര, എങ്കക്കാട്, മാരാത്തുകുന്ന്, പുല്ലാനിക്കാട്, കുറാഞ്ചേരി, കല്ലുംപാറ, മായ പാർളിക്കാട്, മിണാലൂർ, വടക്കാഞ്ചേരി, ഓട്ടുപാറ, പരുത്തിപ്ര, ഒന്നാംകല്ല്, കുമ്പളങ്ങാട്, ചരൽപറമ്പ് എന്നീ പ്രദേശങ്ങളിൽ വന്യമൃഗങ്ങളുടെ ആക്രമണം മൂലമുണ്ടാകുന്ന കൃഷിനാശം, മനുഷ്യർക്കും, വളർത്തു മൃഗങ്ങൾക്കും സംഭവിക്കുന്ന പരിക്ക് എന്നിവയ്ക്ക് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട്, ഇ-ഡിസ്ട്രിക്റ്റ് വഴി ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തി നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മനുഷ്യരുടെ ജീവനും കൃഷിക്കും നാശനഷ്ടമുണ്ടാക്കുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുന്നതിനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ നാളിതുവരെ 38 കാട്ടുപന്നികളെ വെടിവെച്ചു കൊല്ലുകയും, വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽപ്പെട്ട വാഴാനി, മണലിത്തറ, തെക്കുംകര, കരുമത്ര, കുണ്ടുകാട്, ചേപ്പിലക്കോട്, ഊരോക്കാട്, ചിറമുക്ക്, മലാക്ക, മങ്കര, എങ്കക്കാട്, മാരാത്തുകുന്ന്, പുല്ലാനിക്കാട്, കല്ലുംപാറ, കുറാഞ്ചേരി, |

| | | | |
|---|---|---|---|
| | | | വടക്കാഞ്ചേരി, പാർളിക്കാട്, ചരൽപറമ്പ്, പുതുരുത്തി, അകമല, ചിറ്റ, ഓട്ടുപാറ, പരുത്തിപ്ര, കുമരനെല്ലൂർ, മേലേമ്പാട്ട്, കുമ്പളങ്ങാട്, മുത്തിക്കോട് എന്നീ പ്രദേശങ്ങളിൽ വന സംരക്ഷണ ജീവനക്കാർ പട്രോളിംഗ് നടത്തി വരികയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ